"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ് - അഞ്ചൽ ബ്ലോക്ക് പഞ്ചായത്തിൽ IAY, PMAY (G) എന്നീ ഭവനനിർമ്മാണ പദ്ധതികൾക്കായി മുൻവർഷങ്ങളിൽ ഗ്രാമ-ജില്ലാ പഞ്ചായത്തുകളിൽ നിന്നു ലഭിച്ചിട്ടുള്ള വിഹിതത്തിൽ മിച്ചമുള്ള തുക PMAY (G) ക്കു വേണ്ടി ഉപയോഗിക്കാൻ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

തദ്ദേശ സ്വയംഭരണ വകുപ്പ് (ഡി ഡി ) വകുപ്പ്

സ.ഉ.(സാധാ) നം.74/2022/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 10/01/2022

---

പരാമർശം:- 1. കൊല്ലം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 21.10.2021ലെ കത്ത്

2. 18.12.2021ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയുടെ 4.84 നമ്പർ തീരുമാനം

<u>ഉത്തരവ്</u>

അഞ്ചൽ ബ്ലോക്ക് പഞ്ചായത്തിൽ IAY, PMAY (G) എന്നീ ഭവനനിർമ്മാണ പദ്ധതികൾക്കായി മുൻവർഷങ്ങളിൽ ഗ്രാമ-ജില്ലാ പഞ്ചായത്തുകളിൽ നിന്നു ലഭിച്ചിട്ടുള്ള വിഹിതത്തിൽ മുതലും പലിശയും ചേർത്ത് 1,62,28,622/- രൂപ ബാക്കിയുണ്ട്. ഈ വർഷം ബ്ലോക്കു പഞ്ചായത്തിന് PMAY (G) ടാർജറ്റ് 202 വീടുകളാണ്. മുകളിൽ പറഞ്ഞ മിച്ചമുള്ള തുക PMAY (G) ക്കു വേണ്ടി ഉപയോഗിക്കാൻ അനുമതി നൽകണമെന്നു സംബന്ധിച്ച് പരാമർശം (1) പ്രകാരം സമർപ്പിച്ച പ്രൊപ്പോസൽ 18.12.2021 ൽ കൂടിയ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റി പരിഗണിക്കുകയും അനുമതി നൽകുന്നതിന് പരാമർശം (2) പ്രകാരം തീരുമാനം കൈക്കൊള്ളുകയും ചെയ്തിട്ടുണ്ട് .

2.മേൽ സാഹചര്യത്തിൽ, അഞ്ചൽ ബ്ലോക്ക് പഞ്ചായത്തിൽ IAY, PMAY (G) എന്നീ ഭവനനിർമ്മാണ പദ്ധതികൾക്കായി മുൻവർഷങ്ങളിൽ ഗ്രാമ-ജില്ലാ പഞ്ചായത്തുകളിൽ നിന്നു ലഭിച്ചിട്ടുള്ള വിഹിതത്തിൽ മിച്ചമുള്ള തുകയായ 1,62,28,622/- രൂപ PMAY (G) ക്കു വേണ്ടി ഉപയോഗിക്കാൻ അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഷൈജ സി ജി
ഡെപ്യൂട്ടിസെക്രട്ടറി

പകർപ്പ്:ഗ്രാമ വികസന കമ്മീഷണർ, തിരുവനന്തപുരം
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സസ് ഗ്രൂപ്പ്
പ്രസിഡന്റ് / സെക്രട്ടറി,അഞ്ചൽ ബ്ലോക്ക് പഞ്ചായത്ത്, കൊല്ലം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് ), തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ&ഇ), തിരുവനന്തപുരം

വെബ് & ന്യൂ മീഡിയ (ഐ&പി.ആർ.ഡി)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
ത സ്വ ഭ വ (ഡി.എ) വകുപ്പ്
സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം
Signed by Nisam N
Date: 11-01-2022 10:45:28
Reason: Approved
സെക്ഷൻ ഓഫീസർ

പകർപ്പ്:ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
ബഹു.തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി